# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2450** — **08.03.2017-ൽ മറുപടിയ്ക്ക്**

## മങ്കട മണ്ഡലത്തിൽ വ്യവസായ സോൺ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| എ) 02.03.2016-ലെ റവന്യൂ (ബി) വകുപ്പിലെ സ.ഉ. (കൈ)നം.209/ 2016/റവ. നമ്പർ ഉത്തരവ് പ്രകാരം മങ്കട മണ്ഡലത്തിലെ അഞ്ഞൂറ് ഏക്കർ, വ്യവസായ സോൺ ആരംഭിക്കുന്നതിന് ഏറ്റെടുത്തിട്ടുണ്ടോ; ആയതിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ; | എ) മലപ്പുറം ജില്ലയിലെ മങ്കട വില്ലേജിൽ കിൻഫ്രയുടെ ഡെവലപ്മെന്റ് സോൺ സ്ഥാപിക്കുന്നതിന് 690 ഏക്കർ ഭൂമി നെഗോഷിയേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ 2/3/2016-ലെ GO(Rt)No.209/16/Rev പ്രകാരം ഉത്തരവായിരുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ജില്ലാ റവന്യൂ അധികാരികളാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി മാത്രമേ ഏറ്റെടുക്കൽ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ.. |
| ബി) ഏത് തലത്തിലുള്ള നിർമ്മാണ പ്രവർത്തനവും ഭൂമി ഏറ്റെടുക്കലുമാണ് ഉദ്ദേശിക്കുന്നത്; | ബി) ഭൂമി കിൻഫ്രക്ക് കൈമാറി കിൻഫ്രയുടെ സാങ്കേതിക ടീം പ്രസ്തുത ഭൂമി പരിശോധിച്ച് രൂപരേഖ ഉണ്ടാക്കിയതിനു ശേഷം മാത്രമേ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് തീരുമാനം എടുക്കാൻ സാധ്യമാവുകയുള്ളൂ. നെഗോഷിയേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. . |
| സി) എത്ര രൂപയാണ് ഇതിനായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | സി) ഭൂമി ഏറ്റെടുക്കുന്നത് നെഗോഷിയേറ്റഡ് പർച്ചേസ് മുഖേന ആയതിനാൽ വില സംബന്ധിച്ച് ധാരണ ഉണ്ടായതിന് ശേഷം മാത്രമേ ഇതു സംബന്ധിച്ചുള്ള ചെലവ് കണക്കാക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ